പതിമൂന്നാം കേരള നിയമസഭ

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 116 21.03.2013-ൽ മറുപടിക്ക്.

## വിദ്യാഭ്യാസ മേഖലയുടെ നവീകരണവും ആധുനികവത്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ :<br>ശ്രീമതി; ഇ.എസ്. ബിജിമോൾ:<br>ശ്രീ. വി.ശശി:<br>ശ്രീ. കെ. അജിത്: | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

(എ) വിദ്യാഭ്യാസ മേഖലയുടെ സമഗ്ര നവീകരണത്തിനും ആധുനികവത്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകിവരുന്നു. 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുകയും, പഠന നിലവാരം കുറഞ്ഞ സ്കൂളുകളിൽ ക്യൂ.ഇ. പി.ആർ എന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ സ്കൂളുകൾ അന്തർദ്ദേശിയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റ ആദ്യപടി ആയി 20 കോടി രൂപ ചെലവഴിച്ച് സ്കൂളുകളിൽ ആവശ്യമായ ടോയ്ലെറ്റുകൾ, കുടിവെള്ള ലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. മിഡ് ഡേ മീൽ എന്ന പദ്ധതിയിൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായുള്ള ഉച്ചക്കഞ്ഞി പി.റ്റി.എ. എൽ.എസ്.ജി.ഡി എന്നിവയുടെ സഹായത്തോടെ ഉച്ചഭക്ഷണമായി തന്നെ നൽകി വരുന്നു. ഉച്ചഭക്ഷണ പദ്ധതിയിൽ അംഗങ്ങളായ 8-ാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥിക്കും 150 മില്ലി ലിറ്റർ തിളപ്പിച്ച പാൽ പഞ്ചസാരയിട്ട് നൽകുന്നുണ്ട്. കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് 75,000/രൂപയിൽ കുറവ് വാർഷിക വരുമാനം ഉള്ളവരിൽ നിന്നും പഞ്ചായത്ത് തലത്തിൽ തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് 10,000/ രൂപ വരെ ധനസഹായം നൽകി വരുന്നു. വിദ്യാർത്ഥികളിൽ ശാസ്ത്രീയിവബോധം സൃഷ്ടിക്കുക, ശാസ്ത്ര വിഷയങ്ങളുടെ അദ്ധ്യായനം മെച്ചപ്പെടുത്തുക. പ്രവർത്തി പരിശീലനത്തിന്റെ ഭാഗമായി

വിദ്യാർത്ഥികൾക്ക് ഉപകരണങ്ങളും അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കാൻ പരിശീലനം നൽകുക, കായികാദ്ധ്യാനത്തിന് മികച്ച സ്ഥാനം നൽകുക. ഉൽപ്പാദന പ്രവർത്തനങ്ങൾക്കായി സ്ക്കൂളുകളിൽ നിർമ്മാണശാലകൾ തുടങ്ങുക, പേപ്പർ ബാഗ് നിർമ്മാണം ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ട്രേഡുകൾ തുടങ്ങിയവയ്ക്കായി ഉപകരണങ്ങളും മെഷിനുകളും അസംസ്കൃത പദാർത്ഥങ്ങളും വാങ്ങുക, സ്കൂളുകളിൽ പ്രവർത്തി പരിചയ ക്ലബ്ബുകൾ തുടങ്ങുക എന്നിവയും ചെയ്ത് വരുന്നു. ഒന്നു മുതൽ എട്ടു വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും സ്റ്റേഷനറികളും കൂടാതെ യൂണിഫോം അലവൻസും. യാത്ര അലവൻസും നൽകിവരുന്നു.

ഇന്ത്യ ഗവൺമെന്റിന്റെ പദ്ധതി പ്രകാരം ആരംഭിച്ച മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ സെലക്ഷൻ ടെസ്റ്റ് നടത്തി അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ ലഭിക്കുന്നു.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിലേക്ക് പ്രതിവർഷം 6000/- രൂപ എന്ന ക്രമത്തിൽ ആകെ 24,000/- രൂപ ഒരു വിദ്യാർത്ഥിക്ക് ആനുകൂല്യമായി നൽകുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം നൽകി വരുന്നു. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട 1 മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി പ്രീമെട്രിക്ക് സ്കോളർഷിപ്പിന്റെ ഭാഗമായി ഒരു കുട്ടിക്ക് 1000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകി വരുന്നു. മദ്രസ്സകളിലെ 2 പ്രൈമറി അദ്ധ്യാപകരിൽ ഒരാൾക്ക് 3000/- രൂപ വച്ച് ഒരു വർഷത്തേക്കുള്ള ശമ്പളത്തിനും ബുക്ക് ബാങ്കുകൾ സജ്ജമാക്കാനും വേണ്ടി മോഡേണൈസേഷൻ ഓഫ് മദ്രസ്സ എന്ന

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| (ബി) | സൗജന്യ പാഠപുസ്തക വിതരണം, ഗവേഷണം, അദ്ധ്യാപക പരിശീലനം, സ്കൂൾ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദിച്ചു; ഇതിൽ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ; | (ബി) | അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (സി) | ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ പദ്ധതികളിൽ പത്തു ശതമാനം പോലും നടപ്പാക്കിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. ഐ.ഡി.എം.ഐ സ്കീം പ്രകാരം അനുവദിച്ച 3000/ ലക്ഷം രൂപയിൽ 2709.20/ ലക്ഷം രൂപയും എസ്.എസ്.എ വഴി നൽകിയ 75.74 ല്ക്ഷം രൂപയിൽ 35.01 ലക്ഷം രൂപയും ഇതിനായി വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | കലാ-കായിക വിദ്യാഭ്യാസത്തിന്റ ഗുണനിലവാരം ഉയർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | നിലവിലുള്ള രണ്ട് സ്പോർട്ടസ് സ്കൂളുകളുടെ ന്യൂനതകൾ പരിഹരിക്കുന്നതിനും ടി സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും മറ്റും ഉന്നത നിലവാരത്തിലാക്കുന്നതിനും കൂടാതെ പുതുതായി ഒരു സ്പോർട്ട്സ് സ്കൂൾ ആരംഭിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ സ്പോർട്ട്സ് വകുപ്പിൻ കീഴിൽ ആരംഭിച്ചിട്ടുണ്ട്. സ്പോർട്ട്സ് സ്കൂളുകളിൽ മെച്ചപ്പെട്ട കായിക വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിന് യോഗ്യരായ കായിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്പോർട്ട്സ് സ്കൂളുകളിലെ കരിക്കുലം പരിഷ്കരണവും ഹൈസ്ക്കൂൾ ക്ലാസുകളിലെ കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പാഠ്യപദ്ധതിയും തയ്യാറാക്കി വരുന്നു. കലാവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന-തിനായി വിഷൻ ഡോക്യുമെന്റ്, സിലബസ്സ് എന്നിവ തയ്യാറാക്കു-ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ഇടപെടൽ മേഖല | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | അധ്യാപക പരിശീലനം | 4192.16 | 667.94 |
| 2 | സൗജന്യ പാഠപുസ്തകങ്ങൾ | 5501.56 | 2892.22 |
| 3 | സ്കൂൾ ഗ്രാന്റ് | 809.05 | 803.15 |
| 4 | **ഗവേഷണവും മൂല്യനിർണ്ണയവും** | 157.21 | 74.49 |
| | മാനേജ്മെന്റ് കോസ്റ്റ് (ജില്ല) | 1670.99 | 1393.85 |
| | പഠനബോധന പരിപാടി | 825.60 | 359.25 |
| | സാമൂഹ്യപങ്കാളിത്തം | 235.12 | 180.43 |

സെക്ഷൻ ഓഫീസർ